പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1547 — 18/06/2012 ൽ മറുപടിയ്ക്ക്

## പാങ്ങപ്പാറയിലെ തോടു നികത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം പാങ്ങപ്പാറ വില്ലേജിൽ തോടു നികത്തിയ തുമായി ബന്ധപ്പെട്ട് ശ്രീ.കെ. മധുസൂദനൻ മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ നൽകിയ 14657/2011 നമ്പർ പരാതിയിൽ എന്ത് നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ; | (എ) സുതാര്യകേരളത്തിൽ നിന്നും 07.10.2011 ൽ പ്രസ്തുത പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കളക്ടറേറ്റ് എടുത്ത തീരുമാനം വ്യക്തമാക്കാമോ; | (ബി) അപേക്ഷയിലെ വിഷയവുമായി ബന്ധപ്പെട്ട് എതിർ കക്ഷിയായ സ്ഥലം ഉടമ സ്ഥലത്തില്ലാതിരുന്നതിനാൽ പാങ്ങപ്പാറ വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ പതിച്ചു നടത്തിയിട്ടുള്ളതും പിന്നീട് ഭാഗികമായി പുനഃസ്ഥാപിച്ച തോട് വീണ്ടും നികന്നു തുടങ്ങിയ അവസ്ഥയിലാണെന്ന് വില്ലേജ് ഓഫീസർ 14/03/2012 ൽ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. പരാതിക്കാസ്പദമായ നീർച്ചാൽ റീ-സർവ്വേ റിക്കാർഡുകളിൽ ഉൾപ്പെട്ടു വരാത്തതും ഓമനയമ്മ മകൾ അജിത കുമാരിയുടെ പേരിലുള്ള തണ്ടപ്പേർ നമ്പർ 12323 ലുള്ള റീസർവ്വേ 21/29 ൽ പ്പെട്ട 4.62 ആർ സ്വകാര്യ സ്ഥലത്തിൽ ഉൾപ്പെട്ടതുമാണ്. ആയതിനാൽ ഇതു സംബന്ധിച്ച് ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സാധിക്കുന്നതല്ല. കൂടാതെ പ്രസ്തുത സ്ഥലം ബി.റ്റി.ആർ പ്രകാരം പുരയിടമായി രേഖപ്പെടുത്തിയിരിക്കുന്നതിനാലും തനതു കിടപ്പിലും പുരയിടമാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും കേരള തണ്ണീർത്തട |

നെൽവയൽ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടു വരാത്തതും പ്രസ്തുത നിയമ പ്രകാരം നീർച്ചാൽ പുനഃസ്ഥാപിക്കുവാൻ സാധിക്കാത്തതുമാണ്.

(സി) പ്രസ്തുത ഫയലിൽ സർവെ സൂപ്രണ്ട് എന്ത് നടപടി സ്വീകരിച്ചു; ഈ ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

(സി) തിരുവനന്തപുരം റീസർവ്വെ സൂപ്രണ്ടാഫീസിൽ ഈ വിഷയം സംബന്ധിച്ച പരാതി ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ